**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 144** **28-07-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തൊഴിലിനായി വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടി വരുന്ന പ്രവാസി മലയാളികളുടെ പ്രശ്നം സർക്കാർ പ്രത്യേകം പരിശോധിച്ചിരുന്നോയെന്ന് അറിയിക്കാമോ; | (എ) | തൊഴിലിനായി വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടി വരുന്ന പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവമായി പരിശോധിക്കുകയും പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. തൊഴിലിനായി വിദേശത്തേക്ക് യാത്ര ചെയ്യുന്ന മലയാളികളുടെ സൗകര്യാർത്ഥം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നോർക്ക അറ്റസ്റ്റേഷൻ സെന്ററുകൾ വഴി സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശഭാഷ പരിജ്ഞാനത്തിനും വിദേശത്തെ തൊഴിലിൽ നൈപുണ്യം നേടാനും പരിശീലന പരിപാടികൾ നടത്തിവരുന്നു. വനിതകളുടെ സുരക്ഷിത കുടിയേറ്റത്തിനായി ബോധവൽക്കരണം നടത്താനും പരാതികൾ പരിഹരിക്കാനും നോർക്ക റൂട്ട്സിൽ പ്രവാസി വനിതാ സെൽ രൂപീകരിച്ചിട്ടുണ്ട് . നിയമപരവും സുരക്ഷിതവുമായി വിദേശത്ത് തൊഴിൽ ലഭിക്കാൻ നോർക്ക റൂട്ട്സിൽ പ്രത്യേക റിക്രൂട്ട്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. റിക്രൂട്ട്മെന്റ്, പരിശീലനം, നൈപുണ്യ വികസനം, നിയമ സഹായം, ഇൻഷ്വറൻസ് സഹായം എന്നിവ യുക്തിസഹമാക്കാൻ മാർക്കറ്റ് റിസർച്ച് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്രവാസി കേരളീയർ വിദേശ രാജ്യങ്ങളിൽ നേരിടുന്ന നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ 'പ്രവാസി നിയമസഹായ സെൽ' രൂപീകരിച്ച് മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെ നിരവധി രാജ്യങ്ങൾ ഇന്ത്യയിൽ നിന്നുള്ളവർക്ക് യാത്രാവിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത് ഒട്ടനവധി പേരുടെ | (ബി) | വിദേശ രാജ്യങ്ങളിലേക്ക് തിരിച്ചു പോകാനാകാതെ കേരളത്തിൽ കുടുങ്ങിക്കിടക്കുന്ന മലയാളി പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR |

| | | | |
|---|---|---|---|
| | തൊഴിൽ നഷ്ടത്തിനിടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തങ്ങളുടെ തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിന് നയതന്ത്ര ചാനൽ ഉപയോഗപ്പെടുത്തി പ്രശ്നപരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ വകുപ്പ് സെക്രട്ടറിയോടും, കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് സെക്രട്ടറിയോടും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് ഇതുവരെ മറുപടി ലഭ്യമായിട്ടില്ല. |
| (സി) | കൊവിഡ് കാലത്ത് തിരിച്ചെത്താൻ നിർബന്ധിതരായ പ്രവാസി മലയാളികൾക്ക് സംസ്ഥാന സർക്കാർ ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | കോവിഡ്-19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ 2020 മെയ് 5 വരെ വിദേശ രാജ്യങ്ങളിൽ നിന്നും സാധുവായ പാസ്പോർട്ട്/ തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000/- രൂപ വീതം അടിയന്തര ധനസഹായം നൽകുകയും, കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും, പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000/- രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ, കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് 1000/- രൂപ വീതം ധനസഹായം നൽകുകയും, അംശദായം കുടിശ്ശിക വരുത്തി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും, പിഴ പലിശയും 6 മാസക്കാലത്തേക്ക് ഒഴിവാക്കി നൽകുകയും ചെയ്തു. കോവിഡ്-19 പശ്ചാത്തലത്തിൽ നാട്ടിലേക്കെത്തിയ പ്രവാസികൾക്ക് എയർപോർട്ടുകളിൽ RTPCR ടെസ്റ്റ് സൗജന്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ